"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 10957 ന് എൻ.സി.ഡി.സി ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.524/2025/Co-Op തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.457/2008/സഹ തീയതി 23/07/2008
2. സഹകരണ സംഘം രജിസ്ട്രാറുടെ 28/01/2025 ലെ പി&എം എ (3) 6556/24 നം. കത്ത്.
3. നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ 03/10/2025 ലെ NCDC:9-1/2025-ic&sc/1376/SB 51284 നമ്പർ കത്ത്.
4. സഹകരണ സംഘം രജിസ്ട്രാറുടെ 10/10/2025 ലെ പി&എം എ (3) 6556/24 നം. കത്ത്.
5. ഇ. അനുമതി നമ്പർ AS/COP/25/47585 Share, AS/COP/25/47586 Loan

**ഉത്തരവ്**

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി സ്കീമിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ 7(a) പ്രകാരം സംഘത്തിന് പരമാവധി 5.00കോടി രൂപ സർക്കാർ ഓഹരിയായി സ്വരൂപിക്കുവുന്നതാണ്. ടി വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് കൊണ്ട്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട്

സഹകരണ സംഘം ക്ലിപ്തം നമ്പർ 10957-ന് പുതുതായി ക്വാറി & ക്രഷർ യൂണിറ്റ് വാങ്ങുന്നതിനായി (ആകെ 7385.00 ലക്ഷം രൂപ) 66.46 കോടി രൂപ അനുവദിക്കുന്നതിന് എൻ സി ഡി സി യുടെ അനുമതി ലഭ്യമാക്കുന്നതിനായി പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷ സമർപ്പിച്ചിരുന്നു. അപ്രകാരം പ്രസ്തുത സംഘത്തിന് ക്വാറി & ക്രഷർ യൂണിറ്റ് വാങ്ങുന്നതിനുള്ള എൻ.സി.ഡി.സി ധനസഹായമായി 6 6 . 4 6 കോടി രൂപ (Investment Loan(ഓഹരി) - 5.00കോടി രൂപ, Term Loan (വായ്പ) -61.46കോടി രൂപ) ചുവടെ പറയും പ്രകാരം അനുവദിക്കുന്നതിന് പരാമർ ശം ( 3 ) പ്രകാരം എൻ.സി.ഡി.സി യുടെ അനുമതി ലഭിച്ചിട്ടുണ്ട്.

| Means of Finance | | Rs. in Crore |
|---|---|---|
| From NCDC to State Govt | | |
| a) | Term Loan | 61.46 |
| b) | Investment Loan | 5.00 |
| | Total of NCDC assistance as loan (90%) | 66.46 |
| C) | Society Contribution (10%) | 7.39 |
| | **Total Project Cost (100%)** | **73.85** |
| | **From State Government to Society** | |
| a) | Term Loan | 61.46 |
| b) | Share Capital | 5.00 |
| c) | Society Contribution (10%) | 7.39 |
| | **Total Project Cost (100%)** | **73.85** |

2. പരാമർശം (1) ഉത്തരവിലെ 7(a) വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് കൊണ്ട് പരാമർശം (3) പ്രകാരം അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 17.865 കോടി രൂപ {ഓഹരി (investment loan) - 4425-108-42-34-3 – 2.5 കോടി രൂപ, വായ്പ (Term Loan) – 6425-108-19 - 15.365 കോടി രൂപ)} 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിനുള്ള ഭരണാനുമതിയും, റിലീസ് അനുമതിയും നൽകണമെന്ന് പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഊരാളുങ്കൽ ലേബർ കോൺട്രാക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 10957 ന് ക്വാറി & ക്രഷർ യൂണിറ്റ് വാങ്ങുന്നതിന് പരമാർശം ( 3 ) പ്രകാരം അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 17.865 കോടി രൂപ (പതിനേഴ് കോടി എൺപത്താറ് ലക്ഷത്തിഅമ്പതിനായിരം രൂപ മാത്രം) {ഓഹരി (investment loan) - 4425-108-42-34-3 – 2.5 കോടി രൂപ, വായ്പ (Term Loan) – 6425-108-19 - 15.365 കോടി രൂപ)} 2025-2026 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി1/49/2025/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/18/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 18-12-2025 12:01:27

സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.